**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2444** **04-03-2025 - ൽ മറുപടിയ്ക്ക്**

**കീരംപാറ പഞ്ചായത്തിൽ വൈദ്യുത വിളക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കീരംപാറ പഞ്ചായത്തിലെ പുന്നേക്കാട് മുതൽ തട്ടേക്കാട് വരെയുള്ള വഴിയിലെ വന്യമൃഗ സാന്നിധ്യം കാരണം രാത്രികാല യാത്രകൾ ബുദ്ധിമുട്ടായതിനാൽ വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത വഴിയിൽ സ്ട്രീറ്റ് മെയിൻ ലൈൻ വലിച്ച് വൈദ്യുത വിളക്ക് സ്ഥാപിക്കുന്നതിനുള്ള അപേക്ഷയിന്മേൽ പ്രത്യേക അനുമതി നൽകുന്നതിന് ധനകാര്യ വകുപ്പ് ( ഫയൽ നം. 3032881) അനുകൂല തീരുമാനം സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (എ) | **2024-25 സാമ്പത്തികവർഷത്തെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് കോതമംഗലം മണ്ഡലത്തിലെ കീരംപാറ പഞ്ചായത്തിലെ പുന്നേക്കാട് മുതൽ തട്ടേക്കാട് വരെയുള്ള വഴിയിലെ വന്യമൃഗ സാന്നിധ്യം കാരണം രാത്രികാല യാത്രകൾ ബുദ്ധിമുട്ടായതിനാൽ വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത വഴിയിൽ സ്ട്രീറ്റ് മെയിൻ ലൈൻ വലിച്ച് വൈദ്യുത വിളക്ക് സ്ഥാപിക്കുന്നതിന് പ്രത്യേകാനുമതിയ്ക്കായുള്ള ബഹു. എംഎൽഎ യുടെ ശുപാർശ 3032881/ NC-B3/12/2025-FIN എന്ന ഫയലിൽ പരിശോധിച്ചു വരുന്നു** |
| (ബി) | കോതമംഗലം താലൂക്ക് ആസ്ഥാന ആശുപത്രിയിലെ കാഷ്വാലിറ്റി ആൻറ് ഡയാലിസിസ് യൂണിറ്റ് നിർമ്മാണ പ്രവൃത്തിയുടെ പ്രത്യേക അനുമതിക്കായി നൽകിയിരിക്കുന്ന അപേക്ഷയിന്മേൽ ( ഫയൽ നം.2620990) അടിയന്തരമായി അനുകൂല തീരുമാനം എടുക്കുമോ; വ്യക്തമാക്കാമോ? | (ബി) | **കോതമംഗലം താലൂക്ക് ആസ്ഥാന ആശുപത്രിയിലെ കാഷ്വാലിറ്റി ആൻറ് ഡയാലിസിസ് യൂണിറ്റ് നിർമ്മാണ പ്രവൃത്തിയുടെ പ്രത്യേക അനുമതിക്കായി നൽകിയിരിക്കുന്ന അപേക്ഷ ഫയൽ നം.2620990/ NC-B3/194/2023-ധന എന്ന ഫയലിൽ പരിശോധിച്ചു വരുന്നതും സ.ഉ(സാധാ)നം.9113/2023/ധന , തീയതി 26.12.2023 പ്രകാരം പ്രത്യേകാനുമതി ലഭിച്ചിരുന്ന പ്രസ്തുത പ്രവൃത്തി ഇതുവരെയും നാൾ നടപ്പിലാക്കാതിരുന്നതിന്റെ വിശദീകരണം , പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനു ആശുപത്രി കെട്ടിടത്തിൽ ഇപ്പോൾ മതിയായ സാഹചര്യം ലഭ്യമാണോ എന്നുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ എറണാകുളം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട് . മേൽ വിവരം ലഭ്യമാക്കി പ്രസ്തുത വിഷയം പരിശോധിച്ച് അടിയന്തിര തുടർ നടപടി സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ